# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 494** — **09.02.2016 ൽ മറുപടിക്ക്**

## തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ട്രെയിൻ സർവ്വീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി : | | ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിൽ നിന്നും ആരംഭിച്ച് പളനി, മധുര, എന്നീ ക്ഷേത്ര നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് രാമേശ്വരത്തേയ്ക്ക് ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | ഈ ആവശ്യങ്ങൾ കേന്ദ്ര റയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. |
| (ബി) | തമിഴ് നാട്ടിൽ നിന്നും ഗുരുവായൂർ അമ്പല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്കും, കേരളത്തിൽ നിന്നും പളനി, മധുര, രാമേശ്വരം എന്നീ ക്ഷേത്ര ദർശനത്തിനായി പോയിക്കൊണ്ടിരിക്കുന്ന ഭക്തർക്കും വലിയ തോതിൽ യാത്രാ സൗകര്യം ലഭ്യമാകും എന്നതു കണക്കിലെടുത്ത് ഈ ട്രെയിൻ സർവ്വീസ് അനുവദിച്ചു കിട്ടുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് ഊർജ്ജിത നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ